# സാധാരണദിവസങ്ങൾ - 1

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുവിൽ സർവ്വവും പുനരുദ്ധരിക്കുവാൻ അങ്ങു തിരുവുള്ളമായി.
അവിടുത്തെ സമ്പൂർണ്ണതയിൽ പങ്കാളികളാകുവാൻ
ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു.
ക്രിസ്തുനാഥൻ, ദൈവമായിരിക്കെ,
സ്വയം നിസ്സാരനാക്കി, കുരിശിൽവച്ചു ചിന്തിയ തിരുരക്തത്താൽ
സമസ്ത സൃഷ്ടികൾക്കും ശാന്തി കൈവരുത്തി.
അക്കാരണത്താൽ, എല്ലാറ്റിനുമുപരിയായി
അവിടുന്ന് ഉയർത്തപ്പെടുകയും,
അവിടുത്തേ അനുയായികൾക്കേവർക്കും
നിത്യരക്ഷയ്ക്ക് കാരണഭൂതനാകുകയും ചെയ്തു.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# സാധാരണദിവസങ്ങൾ - 2

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

സ്നേഹപാരമ്യത്താൽ മനുഷ്യനെ അങ്ങു സൃഷ്ടിച്ചു;
നീതിനിഷ്ഠയാൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവനെ
കാരുണ്യാതിരേകത്താൽ അങ്ങു രക്ഷിച്ചു.

ക്രിസ്തുവിലൂടെ ദിവ്യദൂതന്മാർ അങ്ങയെ വാഴ്ത്തുന്നു,
അധീശന്മാർ ആരാധിക്കുന്നു, ആധികാരികന്മാർ ഭയഭക്തിപൂർവ്വം
നിലകൊള്ളുന്നു; ശാക്തികന്മാരും ധന്യരായ ഭക്തിജ്വാലകന്മാരും,
സ്വർഗ്ഗസ്ഥരേവരും ആഹ്ലാദഭരിതരായി ഒന്നുചേർന്ന്,
അങ്ങയെ പാടിസ്തുതിക്കുന്നു.

അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയസ്വരവും ചേരുവാൻ
അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്,
ഞങ്ങളും താഴ്മയോടെ അപേക്ഷിക്കുന്നു:

# സാധാരണദിവസങ്ങൾ - 3

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

അങ്ങയുടെ പ്രിയപുത്രൻ വഴിയാണല്ലോ
അങ്ങു മനുഷ്യവർഗ്ഗത്തിന്റെ സ്രഷ്ടാവും
കാരുണ്യവാനായ പരിത്രാതാവുമായിരിക്കുന്നത്.

സർവ്വസൃഷ്ടിജാലങ്ങളും യഥായോഗ്യം
അങ്ങേയ്ക്കു സേവനമനുഷ്ഠിക്കുന്നു.
വീണ്ടെടുക്കപ്പെട്ടവർ ഏവരും യഥോചിതം
അങ്ങയെ സ്തുതിക്കുന്നു;

വിശുദ്ധരെല്ലാം ഏകയോഗമായി അങ്ങയെ വാഴ്ത്തുന്നു.
എല്ലാ മാലഖമാരോടും ചേർന്ന്,
അങ്ങയെ പ്രകീർത്തിച്ചുകൊണ്ട്,
ഞങ്ങളും ആനന്ദവായ്പോടെ ആലപിക്കുന്നു.

# സാധാരണദിവസങ്ങൾ - 4

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

സർവ്വേശ്വരാ,
അങ്ങേയ്ക്കു ഞങ്ങളുടെ സ്തുതികൾ ആവശ്യമില്ലെങ്കിലും,
അങ്ങേയ്ക്ക് നന്ദി അർപ്പിക്കുക എന്നത്,
അങ്ങ് നല്കിയ വിശിഷ്ടദാനംതന്നെയാണല്ലോ.
ഞങ്ങളുടെ സ്തുതിഗീതികൾ
അങ്ങയുടെ അനന്തമഹിമയെ വർദ്ധിപ്പിക്കുന്നില്ലെങ്കിലും,
ഞങ്ങളുടെ നിത്യരക്ഷയ്ക്ക് അവ ഉപകരിക്കുന്നുവല്ലോ.

ആകയാൽ അങ്ങയുടെ അനന്തവൈഭവത്തെ
മാലാഖവൃന്ദങ്ങളോടുചേർന്ന് പ്രകീർത്തിച്ചുകൊണ്ട്
ഞങ്ങളും അവിരാമം ആലപിക്കുന്നു.

# സാധാരണദിവസങ്ങൾ - 5

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുവിന്റെ മരണത്തെ ഞങ്ങൾ ഭക്തിപൂർവ്വം പ്രഖ്യാപിക്കുന്നു.
അവിടുത്തെ ഉയിർപ്പിൽ ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.
അവിടുത്തെ വരവിനെ ഞങ്ങൾ പ്രത്യാശപൂർവ്വം കാത്തിരിക്കുന്നു.

ആകയാൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്
അങ്ങയെ സ്തുതിച്ചുകൊണ്ട്
ഞങ്ങളും അവിരാമം ആലപിക്കുന്നു.

# സാധാരണദിവസങ്ങൾ - 6

പു: കർത്താവു നിങ്ങളോടുകൂടെ
Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

അങ്ങയുടെ വചനമാകുന്നു യേശുക്രിസ്തു.
ഈ വചനം വഴി അങ്ങു സർവ്വവും സൃഷ്ടിച്ചു.
ഞങ്ങളുടെ രക്ഷകനും ഉദ്ധാരകനുമായി ലോകത്തിലേയ്ക്ക്
അയയ്ക്കപ്പെട്ട അങ്ങയുടെ പുത്രൻ, പരിശുദ്ധാത്മാവിന്റെ
അത്ഭുതപ്രവർത്തിയാൽ മനുഷ്യാവതാരംചെയ്ത്,
കന്യകയിൽനിന്നു പിറന്നു.
അങ്ങയുടെ തിരുവുള്ളം നിറവേറ്റിക്കൊണ്ടും,
പരിശുദ്ധമായ ഒരു ജനത്തെ
അങ്ങേയ്ക്ക് നേടിത്തന്നുകൊണ്ടും പീഡാസഹനവേളയിൽ
കൈകൾവിരിച്ച്, കുരിശിൽകിടന്നു മരണംവരിച്ചു.
അങ്ങനെ മരണത്തെ കീഴ്പ്പെടുത്തുകയും
പുനരുത്ഥാനത്തിന്റെ മഹത്വം വെളിപ്പെടുത്തുകയും ചെയ്തു.
ആകയാൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ ഏകസ്വരത്തിൽ ആലപിക്കുന്നു.